# ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ നടപടിക്രമം

*(പബ്ലിക് ഓഫീസ് കോമ്പൗണ്ട്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)*
*(ഹാജർ. ശ്രീ. എൻ. പത്മകുമാർ.ഐ.എ.എസ്.)*

എൽ.ആർ.എൻ1/30/2016 — തീയതി 02-11-2016

വിഷയം : റവന്യൂ വകുപ്പ് - ഹയർ സർവ്വെ പരിശീലനം- 05/10/2017 മുതൽ നടന്നു വരുന്ന പരിശീലന പരിപാടി അവസാനിക്കുന്ന തീയതി ക്രമീകരിക്കുന്നത് - സംബന്ധിച്ച്

സൂചന :
1. ഈ കാര്യാലയത്തിലെ 23/09/2017, 03/10/2017 എന്നീ തീയതികളിലെ എൽ.ആർ.(എൻ.1) 30/2016 നമ്പർ നടപടി ക്രമങ്ങൾ.
2. സർവെ സൂപ്രണ്ട് & നോഡൽ ഓഫീസറുടെ 20/10/2017 ലെ ഐ.എൽ.ഡി.എം/15/2017/സർവെ നമ്പർ കത്ത്.

സൂചന നടപടിക്രമങ്ങൾ പ്രകാരം തിരുവനന്തപുരം, കോഴിക്കോട് കേന്ദ്രങ്ങളിൽ 05-09-2017 മുതൽ 30/11/2017 വരെ ഹയർ സർവ്വെ പരിശീലനം നടത്തുവാൻ ഉത്തരവായിരുന്നു. പ്രസ്തുത പരിശീലനം 30/11/2017 ന് അവസാനിപ്പിക്കേണ്ടി വന്നാൽ പരിശീലന കാലയളവിൽ നാലു ദിവസത്തെ കുറവുണ്ടാകുമെന്നും മഴക്കാലമായതിനാൽ പ്രായോഗിക പരിശീലനം സുഗമമായി നടത്തുവാൻ കഴിഞ്ഞിട്ടില്ലെന്നും ആയതിനാൽ പരിശീലന കാലയളവ് 05/12/2017 വരെ ദീർഘിപ്പിച്ചു നൽകുവാനും സൂചന (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

മേൽ സാഹചര്യം വിശദമായി പരിശോധിച്ചു. പരിശീലന കാലയളവ് 30/11/2017 വരെ നിശ്ചയിച്ചും പരീക്ഷാ തീയതികൾ 01/12/2017, 04/12/2017 (അവധി ദിനങ്ങളായ 02/12/2017, 03/12/2017 ഒഴികെ) എന്നീ തീയതികളിൽ ക്രമപ്പെടുത്തുന്നതിനും ഉത്തരവാകുന്നു.

തിരുവനന്തപുരം, കോഴിക്കോട് കേന്ദ്രങ്ങളിൽ നടന്നു വരുന്ന ഹയർ സർവെ പരിശീലനം, എഴുത്തു പരീക്ഷ, പ്രായോഗിക പരീക്ഷ എന്നിവ നിശ്ചയിച്ച തീയതികളിൽ പൂർത്തീകരിച്ച് ഉദ്യോഗസ്ഥൻമാരെ 04/12/2017 ന് വൈകുന്നേരം 5 മണിക്ക് വിടുതൽ ചെയ്യേണ്ടതാണ്.

(ഒപ്പ്)
ജോയിന്റ് കമ്മീഷണർ

പകർപ്പ്
1. ഡയറക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ്, തിരുവനന്തപുരം
2. സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ, സെൻട്രൽ സർവ്വെ ഓഫീസ്, തിരുവനന്തപുരം.
3. അസിസ്റ്റന്റ് ഡയറക്ടർ സർവ്വെ റേഞ്ച് ഓഫീസ്, കോഴിക്കോട്
4. ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക്
5. ഐ.ടി. സെൽ
6. കരുതൽ ഫയൽ.

അംഗീകാരത്തോടെ

സൂപ്രണ്ട്